**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **13-09-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ ഫയർ സ്റ്റേഷൻ വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തകർച്ച നേരിടുന്ന നിലവിലെ കെട്ടിടത്തിൽനിന്നും ആലത്തൂർ ഫയർ സ്റ്റേഷൻ വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | 02-06-2020 മുതൽ പ്രവർത്തനം ആരംഭിച്ച ആലത്തൂർ നിലയം അന്ന് മുതൽ പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിച്ച് വരികയാണ്. ടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കാരണം ആലത്തൂർ അഗ്നിരക്ഷാനിലയം താൽക്കാലികമായി സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതും എരിമയൂർ-2 വില്ലേജിൽ കുനിശ്ശേരി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ പ്രഭാ തീയേറ്റർ കെട്ടിടത്തിലേക്ക് മാറ്റുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും വാടക നിശ്ചയിച്ച് നൽകുന്നതിന് പാലക്കാട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് പാലക്കാട് ജില്ലാ ഫയർ ആഫീസർ കത്ത് നൽകിയിട്ടുള്ളതുമാണ്. പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടം വാടകയ്ക്ക് നൽകാൻ കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രം ലഭ്യമായാൽ ടി കെട്ടിടത്തിലേക്ക് ആലത്തൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം മാറ്റാവുന്നതാണ് . |
| (ബി) | വാടകയ്ക്ക് മാറാൻ ഉദ്ദേശിക്കുന്ന കെട്ടിടം, തീരുമാനിച്ച മാസവാടക എന്നിവ വിശദമാക്കാമോ; | (ബി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ആലത്തൂർ ഫയർ സറ്റേഷൻ എത്രയും പെട്ടെന്ന് വാടകക്കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ